12.00 Noon]

(പ്രതിപക്ഷാംഗങ്ങൾ നടുത്തളത്തിലിരുന്ന് മുദ്രാവാക്യം വിളിച്ചുകൊണ്ട് സഭാ നടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു.)

മി. സ്പീക്കർ : നടപടിയെടുത്തിട്ടുള്ള അഞ്ച് അംഗങ്ങളും സഭവിട്ട് പുറത്ത് പോകണമെന്ന് ചെയർ അഭ്യർത്ഥിക്കുന്നു. നടപടിയെടുത്തിട്ടുള്ള അഞ്ച് അംഗങ്ങളും സഭയിൽ നിന്ന് പുറത്തുപോകണമെന്ന് ചെയർ വീണ്ടും അഭ്യർത്ഥിക്കുന്നു.

ഇന്നത്തെ സഭാനടപടികളിലുള്ള അടിയന്തരപ്രമേയം, ശ്രദ്ധ ക്ഷണിക്കൽ, സബ്മിഷൻസ്, മേശപ്പുറത്തുവയ്ക്കുന്ന കടലാസ്സുകൾ എന്നിവ റദ്ദ് ചെയ്യുന്നു.

IV ധനകാര്യം

2015-16 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിനെക്കുറിച്ചുള്ള പൊതു ചർച്ച

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) : സർ, സസ്പെന്റ് ചെയ്ത ബഹുമാനപ്പെട്ട മെമ്പർമാർ പുറത്ത് പോകണമെന്ന് ചെയർ പറഞ്ഞിട്ട് പുറത്ത് പോകുന്നില്ല. അങ്ങ് അവരെ ബലമായി മാറ്റണമെന്ന് ഞാൻ ഒരിക്കലും പറയില്ല. കാരണം, കഴിഞ്ഞ ദിവസം സഭയിലുണ്ടായ അനിഷ്ടസംഭവങ്ങൾ ഇനി ആവർത്തിക്കരുത്. നമ്മുടെ നാടിന് ഇനിയൊരു അപമാനമുണ്ടാകരുത് എന്നുള്ള സാഹചര്യത്തിൽ-പ്രതിപക്ഷം ബഡ്ജറ്റ് ചർച്ചയിൽ പങ്കെടുക്കില്ല എന്നും പറഞ്ഞിരിക്കുകയാണ്-ബഡ്ജറ്റിനെ കുറിച്ചുള്ള ചർച്ച ഇവിടെ അവസാനിപ്പിച്ച് സഭ പിരിയണമെന്നുള്ളതാണ് ഗവൺമെൻറിന്റെ അഭിപ്രായം.

ധനകാര്യ വകുപ്പുമന്ത്രി, ശ്രീ. കെ. എം. മാണി ബഡ്ജറ്റിനെ സംബന്ധിച്ച് ഒരു വാക്ക് മറുപടി പറയുന്നതാണ്. സഭ അത് അംഗീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, അരി, അരി ഉൽപ്പന്നങ്ങൾ, ഗോതമ്പ് എന്നിവയ്ക്ക് ഏർപ്പെടുത്തിയ ഒരു ശതമാനം നികുതിയും മൈദ, ആട്ട, സൂചി, റവ എന്നിവയ്ക്ക് ഏർപ്പെടുത്തിയിരുന്ന അഞ്ച് ശതമാനം നികുതിയും പഞ്ചസാരയ്ക്ക് ഏർപ്പെടുത്തിയ രണ്ട് ശതമാനം നികുതിയും വെളിച്ചെണ്ണയ്ക്ക് ഏർപ്പെടുത്തിയ ഒരു ശതമാനം നികുതിയും ഞാൻ ഇതിനാൽ പിൻവലിക്കുന്നു. 260 കോടി രൂപയുടെ നികുതിയിളവ് ഇതിനാൽ പ്രഖ്യാപിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഉമ്മൻ ചാണ്ടി : സർ, ധനകാര്യ വകുപ്പുമന്ത്രി ഇവിടെ അനൗൺസ് ചെയ്തത് കേരളത്തിലെ ജനങ്ങൾ ആഗ്രഹിച്ച തീരുമാനങ്ങളാണ്. 260 കോടി രൂപയുടെ നികുതിയാണ് അദ്ദേഹം പിൻവലിച്ചിരിക്കുന്നത്. കേരളത്തിലെ ജനങ്ങൾ ആഗ്രഹിച്ചത് അദ്ദേഹം നിറവേറ്റിയിരിക്കുന്നു. അതിൽ എനിക്ക് സന്തോഷമുണ്ട്.

"സഭയിൽ സംജാതമായിട്ടുള്ള പ്രത്യേക സാഹചര്യം പരിഗണിച്ച് ഇന്നും മാർച്ച് 17, 18 എന്നീ തീയതികളിലും നടത്താൻ നിശ്ചയിച്ചിരുന്ന ബഡ്ജറ്റിന്മേലുള്ള പൊതുചർച്ച ഇന്ന് ഒരു ദിവസത്തേക്കു മാത്രമായി ചുരുക്കണമെന്നും മാർച്ച് 17 മുതൽ 20 വരെ സഭ ചേരേണ്ടതില്ലെന്നും മാർച്ച് 23-ാം തീയതി സഭ ചേർന്ന് വോട്ട് ഓൺ അക്കൗണ്ട് ചർച്ച ചെയ്യണമെന്നും അന്നേദിവസം തന്നെ മാർച്ച് 19-ന് നിശ്ചയിച്ചിട്ടുള്ള ഉപധനാഭ്യർത്ഥനകളെ സംബന്ധിക്കുന്ന ധനവിനിയോഗ ബില്ലും മാർച്ച് 24-ാം തീയതി പരിഗണിക്കാൻ നിശ്ചയിച്ചിരുന്ന കേരള ധനവിനിയോഗ (വോട്ട് ഓൺ അക്കൗണ്ട് ബില്ലും) ബന്ധപ്പെട്ട നിയമസഭാ ചട്ടങ്ങൾ ഇളവുചെയ്ത് സഭ പരിഗണിക്കണമെന്നും ഈ സഭ തീരുമാനിക്കുന്നു" എന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ) : സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ : മുഖ്യമന്ത്രി അവതരിപ്പിച്ച പ്രമേയത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ഓർഡർ..... ഓർഡർ..... സഭ ഇപ്പോൾ പിരിയുന്നതും മാർച്ച് മാസം 23-ാം തീയതി രാവിലെ 8.30 മണിക്ക് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2015 മാർച്ച് 23-ാം തീയതി തിങ്കളാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ ഉച്ചയ്ക്കശേഷം 12.03-ന് പിരിഞ്ഞു.)

LIBRARY ARCHIVES Kerala Legislative Assembly